# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ .166 — 18.03.13-ൽ മറുപടിക്ക്

## മത്സ്യത്തൊഴിലാളികൾക്ക് ആവശ്യമായ മണ്ണെണ്ണ ലഭ്യമാക്കാൻ നടപടി

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. പി. കെ. ഗുരുദാസൻ<br>,, എസ്. ശർമ്മ<br>,, കെ. വി. അബ്ദുൾ ഖാദർ<br>,, പി. ശ്രീരാമകൃഷ്ണൻ | | ശ്രീ. കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) | മത്സ്യത്തൊഴിലാളികൾക്ക് ആവശ്യമായ മണ്ണെണ്ണ പൂർണ്ണമായും കേന്ദ്രം അനുവദിക്കുന്നുണ്ടോ; നിലവിലുള്ള സ്ഥിതി വിശദമാക്കുമോ; | (എ) | ഇല്ല.<br>കേന്ദ്ര സർക്കാർ പൊതുവിതരണ സംവിധാനത്തിനു വേണ്ടി അനുവദിച്ചു നൽകുന്ന മണ്ണെണ്ണയിൽ നിന്നും സംസ്ഥാന സർക്കാർ പ്രതിമാസം 2525 കിലോ ലിറ്റർ മത്സ്യബന്ധനത്തിനു വേണ്ടി പെർമിറ്റ് ഉടമകളായ മത്സ്യത്തൊഴിലാളികൾക്ക് പൊതു വിതരണ നിരക്കിൽ വിതരണം ചെയ്തു വരുന്നു. |
| (ബി) | മത്സ്യത്തൊഴിലാളികൾക്ക് ഔട്ട്ബോർഡ് എഞ്ചിനുകൾ പ്രവർത്തിപ്പിക്കുന്നതിനുൾപ്പെടെ പ്രതിമാസം ആവശ്യമായ മണ്ണെണ്ണ എത്രയാണെന്നാണ് കണക്കാക്കപ്പെട്ടിട്ടുള്ളത്; ഇതിന്റെ എത്ര ശതമാനം കേന്ദ്രസർക്കാർ അനുവദിക്കുന്നുണ്ട്; വില എത്രയാണ്; | (ബി) | എഞ്ചിൻ ഒന്നിന് പ്രതിമാസം 750 ലിറ്റർ നിരക്കിൽ 20000 എഞ്ചിനുകൾ പ്രവർത്തിപ്പിക്കാൻ 15000 കെ.എൽ മണ്ണെണ്ണ വേണ്ടി വരുമെന്നാണ് കണക്കാക്ക പ്പെട്ടിട്ടുള്ളത്. കേന്ദ്ര സർക്കാർ മത്സ്യമേഖലയ്ക്കായി സംസ്ഥാനത്തിന് പ്രത്യേക ക്വാട്ട അനുവദിച്ച് നൽകിയിട്ടില്ല. സബ്സിഡി നിരക്കിലുള്ള മണ്ണെണ്ണയുടെ ഇപ്പോഴത്തെ വില ലിറ്ററിന് 16.50/17.00 (സോൺ അടിസ്ഥാനത്തിൽ) രൂപയാണ്. |
| (സി) | കരിഞ്ചന്തയിൽ സുലഭമായി മണ്ണെണ്ണ ലഭിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത മണ്ണെണ്ണയുടെ സ്രോതസ്സിനെ കുറിച്ച് അന്വേഷിച്ചിട്ടുണ്ടോ; | (സി) | ഉണ്ട്.<br>ഇക്കാര്യത്തിൻമേൽ ഫിഷറീസ് വകുപ്പ് അന്വേഷണം നടത്തിയിട്ടില്ല. |
| (ഡി) | മത്സ്യത്തൊഴിലാളികൾ കരിഞ്ചന്തയെ ആശ്രയിക്കാൻ നിർബന്ധിക്കപ്പെടുന്ന സാഹചര്യം ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ? | (ഡി) | മത്സ്യമേഖലയ്ക്കുള്ള മണ്ണെണ്ണ വിതരണം ചെയ്യുന്നതിന് മത്സ്യഫെഡിനെ ചുമതലപ്പെടുത്തിക്കൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. (സ.ഉ(സാധാ) 984/12/മതുവ തീയതി 20.11.12) മത്സ്യഫെഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങൾ വഴി മണ്ണെണ്ണ വിതരണം നടപ്പിലാക്കുന്നതു വഴി കരിഞ്ചന്തയിൽ മണ്ണെണ്ണ എത്തുന്നത് തടയുവാൻ സാധിക്കുമെന്നതിനാൽ ആയതിന് വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു. |

Jayaram

സെക്ഷൻ ഓഫീസർ